## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 965 — 20/03/2012 -ൽ മറുപടിക്ക്

## ബി.പി.എൽ. വിഭാഗത്തിലുള്ള കുട്ടികൾക്ക് കൂടി സൗജന്യ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ് | ശ്രീ. പി.കെ. അബ്ദു റബ്ബ് |
| ശ്രീ. പി.സി. ജോർജ് | (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| ശ്രീ. റോഷി അഗസ്റ്റിൻ | |

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 8-ാം തരം വരെ പഠിക്കുന്ന കുട്ടികളിൽ എസ്.സി., എസ്.റ്റി., ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം എത്ര വീതമെന്ന് അറിയിക്കുമോ ;

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 8-ാം തരം വരെ പഠിക്കുന്ന എസ്.സി., എസ്.റ്റി. കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡേർഡ് | എസ്.സി | | എസ്.റ്റി | |
|---|---|---|---|---|
| | സർക്കാർ | എയ്ഡഡ് | സർക്കാർ | എയ്ഡഡ് |
| I | 13920 | 19951 | 3700 | 3278 |
| II | 14924 | 21561 | 4049 | 3652 |
| III | 16170 | 23214 | 3916 | 3738 |
| IV | 17289 | 24191 | 4567 | 3889 |
| V | 15506 | 30500 | 4792 | 4094 |
| VI | 17023 | 32829 | 4859 | 4119 |
| VII | 17630 | 34396 | 4552 | 3803 |
| VIII | 20572 | 30918 | 4811 | 2998 |

ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ എണ്ണം ശേഖരിച്ച് നല്കുന്നതാണ്.

(ബി) പ്രസ്തുത സ്കൂളുകളിലെ എസ്.സി., എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിന് പ്രതി വർഷം എത്ര തുക ചെലവഴിക്കുന്നുവെന്ന് വ്യക്ത മാക്കുമോ;

(ബി) സ്കൂൾ യൂണിഫോം വിതരണം ഇതുവരെ ആരംഭിച്ചിട്ടില്ല.

(സി) ബി.പി.എൽ. വിഭാഗത്തിലുള്ള കുട്ടികൾക്കുകൂടി സൗജന്യ യൂണിഫോം വിതരണം ചെയ്യുന്ന തിന് നടപടി സ്വീകരിക്കുമോ ?

(സി) എസ്.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി സർക്കാർ സ്കൂളുകളിലെ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ പെൺകുട്ടികൾക്കും പട്ടികജാതി പട്ടികവർഗ്ഗ ആൺകുട്ടികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആൺകുട്ടികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ